**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 808** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നിലവിൽ എത്ര ശതമാനം പലിശ നിരക്കിൽ ആണ് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കുന്നതെന്നും ഇപ്രകാരം ഉയർന്ന പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ സൊസൈറ്റിക്ക് അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | സംഘത്തിന്റെ നിയമാവലി 16(1) പ്രകാരം സ്ഥിരം നിക്ഷേപം സ്വീകരിക്കുന്നതിന് വ്യവസ്ഥയുള്ളതിനാലും സംഘത്തിന്റെ സാമ്പത്തിക സ്ഥിതി, മതിയായ തരളധനം സംഘം സൂക്ഷിച്ച് വരുന്ന സാഹചര്യം, നിക്ഷേപ ഗ്യാരന്റി സ്കീമിൽ സംഘം അംഗത്വമെടുത്ത സാഹചര്യം എന്നിവ പരിഗണിച്ച് സർക്കാർ ഓഹരി/ ലോൺ എന്നിവ കൊണ്ട് വാങ്ങിയ വലിയ മെഷിനറികൾ പൂർണ്ണമായും ഉപയോഗിച്ച് കൊണ്ട് ഏറ്റെടുത്ത നിർമ്മാണ പ്രവർത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിലേക്കായി പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ച സാഹചര്യത്തിൽ, സംഘം അപേക്ഷ സമർപ്പിക്കുകയും സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചിരിക്കുന്ന പലിശ നിരക്കിനേക്കാൾ ഒരു ശതമാനം അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>ഇത് സംബന്ധിച്ച ഫയലിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**Note # 1**

## കുറിപ്പുകൾ

**വിഷയം:- ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നം.10957-ലെ നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നത്- സംബന്ധിച്ച്.**

മേൽ വിഷയത്തിലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ കത്ത് ന.ഫ. 1-2 പുറങ്ങളിൽ ദയവായി കണ്ടാലും. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പ്രവർത്തനമൂലധനം സ്വരൂപിക്കുന്നതിനായി 1% അധിക പലിശ നിരക്കിൽ സ്ഥിര നിക്ഷേപം സ്വീകരിക്കുന്നതിന് 19.08.2024-ലെ സ.ഉ(സാധാ)നം.412/2024/സഹ. (അറ്റാച്ച്മെന്റ് ഫയൽ, ന.ഫ. പേജ് 40-42) പ്രകാരം നൽകിയ അനുമതി ദീർഘിപ്പിച്ച് നൽകുന്നതിന് സംഘം ഭരണ സമിതിയുടെ 10.01.2025-ലെ 9-ാം നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്ത് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെന്ന് അറിയിച്ചിരിക്കുന്നു.

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ നാദാപുരം റോഡ് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ടി സംഘം പൊതുമരാമത്ത് വകുപ്പിന്റെ 'എ' ക്ലാസ് കോൺട്രാക്ടേഴ്സ് രജിസ്ട്രേഷനിൽ ഉൾപ്പെട്ടിട്ടുള്ള സംഘമാണെന്നും നിലവിൽ സർക്കാറിന്റെ വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവൃത്തികളും പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളും കൃത്യതയോടെ സമയബന്ധിതമായി നിർവ്വഹിച്ചുവരുന്നുണ്ടെന്നും സംഘത്തിന്റെ 2023-24 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 2409.11 കോടി രൂപ നിക്ഷേപവും 304.85 കോടി രൂപ ഓഹരി മൂലധനവും ബാക്കിനിൽപ്പുണ്ടെന്നും പൂർത്തിയായ കരാർ പ്രവൃത്തികളുടെ ഇനത്തിൽ 2385.87 കോടി രൂപ സംഘത്തിന് ലഭിക്കാനുള്ളതായും സർക്കാർ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1,66,125 കോടി രൂപയുടെ വായ്പ ബാധ്യതയും ഉണ്ടെന്നും ഓഡിറ്റ് വർഷം 4.59 കോടി രൂപ അറ്റ ലാഭത്തിൽ ആണ് സംഘം പ്രവർത്തിക്കുന്നതെന്നും സംഘം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് സംഘം നിയമാവലി നിബന്ധന 16(1), 16 എന്നിവ പ്രകാരം നിക്ഷേപം സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ടെന്നും നിലവിൽ സംഘം ഏറ്റെടുത്ത് നടത്തിവരുന്ന KRFB, NHAI, KSUDP, KCRI, വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃത്യതയോടെയും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് പ്രവർത്തനമൂലധനം ആവശ്യമാണെന്നും കേരള ബാങ്കിൽ നിന്നും ലഭിക്കുന്ന ക്യാഷ് ക്രെഡിറ്റിനെ മാത്രം ആശ്രയിച്ചാൽ സംഘം ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃത്യതയോടെ സമയബന്ധിതമായി പൂർത്തികരിക്കാൻ സാധിക്കില്ലെന്നും കൂടാതെ സർക്കാർ പ്രവൃത്തികൾ പൂർത്തീകരിച്ചത് വഴി നിലവിൽ 596.95 കോടി രൂപ സംഘത്തിന് ലഭിക്കാനുണ്ടെന്നും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി ഒരു ശതമാനം അധിക പലിശ നൽകി സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് 19.08.2024-ലെ സ.ഉ(സാധാ)നം.412/2024/സഹ.

(അറ്റാച്ച്മെന്റ് ഫയൽ, ന.ഫ. പേജ് 40-42) പ്രകാരം സംഘത്തിന് ലഭിച്ച അനുമതിയുടെ കാലാവധി 31.03.2025-ന് അവസാനിച്ച സാഹചര്യത്തിൽ ആയത് 31.03.2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് സംഘം അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെന്നും സംഘം മതിയായ തരളധനം സൂക്ഷിക്കുന്നുണ്ടെന്നും സംഘത്തിലെ 28.02.2025-ലെ നിക്ഷേപ ബാക്കിനിൽപ് 2450.94 കോടി രൂപയാണെന്നും സംഘം നിലവിൽ നൽകുന്ന പലിശനിരക്ക് സാധാരണ പൗരൻമാർക്ക് 8.75% നിരക്കിലും മുതിർന്ന പൗരൻമാർ/സഹകരണ സ്ഥാപനങ്ങൾക്ക് 9.25% നിരക്കിലുമാണെന്നും സംഘം നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ അംഗത്വമെടുത്ത് വാർഷിക വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടെന്നും ഡെപ്പോസിറ്റുകൾ ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂയെന്നതിനാലും സർക്കാർ ഓഹരി/ലോൺ എന്നിവകൊണ്ട് വാങ്ങിയ വലിയ മെഷിനറികൾ പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിലേക്കായും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനുള്ള അനുമതിക്കായാണ് സംഘം അപേക്ഷിച്ചിരിക്കുന്നതെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് ഒരു ശതമാനം (1%) അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുവാനുള്ള അനുമതി 01.04.2025 മുതൽ 31.03.2026 വരെ ദീർഘിപ്പിക്കുന്നതിനുള്ള സംഘത്തിന്റെ അപേക്ഷയും അനുബന്ധങ്ങളും സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരിക്കുന്നതിൻ പ്രകാരം, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിന് അധികമായി ഒരു ശതമാനം (1%) അധിക പലിശ നിരക്കിൽ 31.03.2025 വരെ സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് 19.08.2024-ലെ സ.ഉ(സാധാ)നം.412/2024/സഹ. പ്രകാരം നൽകിയിരുന്ന പ്രത്യേകാനുമതി 01.04.2025 മുതൽ 31.03.2026 വരെ ദീർഘിപ്പിച്ചു നൽകേണ്ടതുണ്ടോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. സഹകരണ വകുപ്പു മന്ത്രിക്ക് ചംക്രമണം ചെയ്യാവുന്നതാണ്.

**25/04/2025 02:05 PM**

**BINDHU FRANCY N R**
**ASO (PS2) CO-OP**

---

**Note # 2**



File No. Co-Op-PS2/269/2025-Co-Op (Computer No. 3125188)

Generated from eOffice by BINDHU FRANCY N R, ASO (PS2) CO-OP, ASO (PS2) CO-OP, Co-Operation Department on 12/09/2025 03:08 PM

**25/04/2025 03:39 PM** — **JAYAKUMAR B**
**SO (PS) CO-OP**

---

**Note # 3**

**26/04/2025 04:15 PM** — **MANJUSHA S**
**US (PS) CO-OP**

---

**Note # 4**

**29/04/2025 05:03 PM** — **SHIBI ABRAHAM**
**JS (PS) CO-OP**

---

**Note # 5**
ഉത്തരവിനായി ഫയൽ ബഹു. മന്ത്രിക്ക് സമർപ്പിക്കുന്നു.

**30/04/2025 11:43 AM** — **DR VEENA N MADHAVAN I A S**
**SPL-SECY (CO-OP)**

---

**Note # 6**
അംഗീകരിച്ചു

**02/05/2025 05:27 PM** — **V N VASAVAN**
**MIN (CO-OP)**

---

**Note # 7**

**05/05/2025 10:36 AM** — **DR VEENA N MADHAVAN I A S**
**SPL-SECY (CO-OP)**

---

**Note # 8**

**05/05/2025 02:14 PM** — **SHIBI ABRAHAM**
**JS (PS) CO-OP**

---

**Note # 9**

**05/05/2025 02:54 PM**

**MANJUSHA S**
**US (PS) CO-OP**

---

**Note # 10**

**07/05/2025 03:31 PM**

**JAYAKUMAR B**
**SO (PS) CO-OP**

---

**Note # 11**

മുൻ കുറിപ്പുകളും ഉത്തരവും ദയവായി കണ്ടാലും. കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**12/05/2025 12:22 PM**

**BINDHU FRANCY N R**
**ASO (PS2) CO-OP**

---

**Note # 12**

**12/05/2025 01:01 PM**

**JAYAKUMAR B**
**SO (PS) CO-OP**

---

**Note # 13**

**12/05/2025 03:34 PM**

**MANJUSHA S**
**US (PS) CO-OP**

---

**Note # 14**

**14/05/2025 04:49 PM**

**SHIBI ABRAHAM**
**JS (PS) CO-OP**

---

**Note # 15**

JS to issue the same.

**14/05/2025 04:56 PM** — **DR VEENA N MADHAVAN I A S**
**SPL-SECY (CO-OP)**

---

**Note # 16**

**14/05/2025 05:07 PM** — **SHIBI ABRAHAM**
**JS (PS) CO-OP**

---

**Note # 17**

**14/05/2025 09:23 PM** — **MANJUSHA S**
**US (PS) CO-OP**

---

**Note # 18**

**15/05/2025 02:35 PM** — **JAYAKUMAR B**
**SO (PS) CO-OP**

---

**"ഭരണഭാഷ മാതൃഭാഷ"**

RCS/4752/2025-mt(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695014
Email:keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 07-04-2025

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

ഗവൺമെന്റ് സെക്രട്ടറി,
സഹകരണ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: സഹകരണ വകുപ്പ്- ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 10957 – നിക്ഷേപങ്ങൾക്ക് അധിക പലിശ-നൽകുന്നത്- സംബന്ധിച്ച്.

സൂചന:
1. സംഘം ഭരണ സമിതിയുടെ 10.01.2025ലെ 9-ാ ം നമ്പർ തീരുമാനം.
2. ബഹു സർക്കാറിൻ്റെ 19.08.2024 ലെ സ.ഉ(സാധാ) നം 412/2024 കോ-ഓപ്പ് നമ്പർ ഉത്തരവ്
3. കോഴിക്കോട് ജോയിന്റ് രജിസട്രാർ(ജനറൽ)

ന്റെ 26/03/2025 ലെ സി.എസ്സ് 810/2025 നമ്പർ കത്ത്.

സൂചനയിലേക്ക് സർക്കാരിന്റെ ശ്രദ്ധ സവിനയം ക്ഷണിച്ചുകൊള്ളുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം.10957.നമ്പർ സംഘത്തിന് പ്രവൃത്തനമൂലധനം സ്വരൂപിക്കുന്നതിനായി 1% അധിക പലിശ നിരക്കിൽ സ്ഥിര നിക്ഷേപം സ്വീകരിക്കുന്നതിന് സൂചന (2) പ്രകാരം ലഭിച്ച അനുമതി ദീർഘിപ്പിച്ച് നൽകുന്നതിന് സംഘം ഭരണ സമിതി തീരുമാനമെടുത്ത് ജോയിന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ നാദാപുരം റോഡ് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന മേൽ സംഘം പൊതുമരാമത്ത് വകുപ്പിന്റെ എ ക്ലാസ് കോൺട്രാക്ടേഴ്സ് രജിസ്ട്രേഷനിൽ ഉൾപ്പെട്ടിട്ടുള്ള സംഘമാണ്. നിലവിൽ സർക്കാറിന്റെ വിവിധ വകുപ്പുകളുടെ നിർമാണ പ്രവൃത്തികളും പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളും കൃത്യതയോടെ

സമയബന്ധിതമായി നിർവ്വഹിച്ചുവരുന്നുണ്ട്. സംഘത്തിന്റെ 2023 24 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 2409.11 കോടി രൂപ നിക്ഷേപവും 304.85 കോടി രൂപ ഓഹരിമൂലധനവും ബാക്കിനിൽപ്പുണ്ട്. പൂർത്തിയായ കരാർ പ്രവൃത്തികളുടെ ഇനത്തിൽ 2385.87 കോടി രൂപ സംഘത്തിന് ലഭിക്കാനുള്ളതായും സർക്കാർ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 166125 കോടി രൂപയുടെ വായ്പ ബാധ്യതയും ഉണ്ട്. ഓഡിറ്റ് വർഷം 4.59 കോടി രൂപ അറ്റ ലാഭത്തിൽ ആണ് സംഘം പ്രവർത്തിക്കുന്നത്.

സംഘം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് സംഘം നിയമാവലി നിബന്ധന 16(1), 16 എന്നിവ പ്രകാരം നിക്ഷേപം സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. നിലവിൽ സംഘം ഏറ്റെടുത്ത് നടത്തിവരുന്ന KRFB, NHAI, KSUDP, KCRI, വിവിധ സർക്കാർ വകുപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃതൃതയോടെയും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് പ്രവർത്തനമൂലധനം ആവശ്യമാണ്. കേരള ബാങ്കിൽ നിന്നും ലഭിക്കുന്ന ക്യാഷ് ക്രെഡിറ്റിനെ മാത്രം ആശ്രയിച്ചാൽ സംഘം ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃത്യതയോടെ സമയബന്ധിതമായി പൂർത്തികരിക്കാൻ സാധിക്കില്ല. കൂടാതെ സർക്കാർ പ്രവൃത്തികൾ പൂർത്തീകരിച്ചത് വഴി നിലവിൽ 596.85 കോടി സംഘത്തിന് ലഭിക്കാൻ ഉണ്ട്.

മേൽ സാഹചര്യത്തിൽ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി ഒരു ശതമാനം അധിക പലിശ നൽകി സ്ഥിര നിക്ഷേപം സ്വീകരിക്കുന്നതിന് സംഘത്തിന് സൂചന (2) പ്രകാരം ലഭിച്ച അനുമതിയുടെ കാലാവധി 31.03.2025ന് അവസാനിക്കുന്ന സാഹചര്യത്തിൽ ആയത് 31.03.2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് സംഘം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സംഘം മതിയായ തരളധനം സൂക്ഷിക്കുന്നുണ്ട്. സംഘത്തിലെ 28.02.2025 ലെ നിക്ഷേപ ബാക്കിനിൽപ്പ് 2450.84 കോടിരൂപയാണ്. സംഘം നിലവിൽ നൽകുന്ന പലിശനിരക്ക് സാധാരണ പൌരൻമാർക്ക് 8.75% നിരക്കിലും മുതിർന്ന പൌരൻമാർ/ സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് 9.25% നിരക്കിലുമാണ്. സംഘം നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ അംഗത്വമെടുത്ത് വാർഷിക വിഹിതം കൃത്യമായി അടക്കുന്നുണ്ട്. ഡെപ്പോസിറ്റുകൾ ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായും ഗുണമേന്മയോടെ പൂർത്തിയാക്കാൻ സാധിക്കുകയുള്ളുയെന്നതിനാലും സർക്കാർ ഓഹരി/ലോൺ എന്നിവകൊണ്ട് വാങ്ങിയ വലിയ മെഷിനറികൾ പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമത്ത് പൂർത്തിയാക്കുന്നതിലേക്കായും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് ഒരു ശതമാനം (1%) അധിക പലിശ നിരക്കിൽ സ്ഥിര നിക്ഷേപം സ്വീകരിക്കുവാനുള്ള അനുമതി 01/04/2025 മുതൽ 31/03/2026 വരെ ദീർഘിപ്പിക്കുന്നതിനുള്ള സംഘത്തിന്റെ അപേക്ഷയും അനുബന്ധങ്ങളും ശുപാർശ ചെയ്തു സർക്കാരിലേക്ക് സമർപ്പിച്ചുകൊള്ളുന്നു

വിശ്വസ്തതയോടെ

(ഒപ്പ്)

Dr. D SAJITH BABU IAS

**സഹകരണ സംഘം രജിസ്ട്രാർ**

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് 1% അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.238/2025/Co-Op തീയതി,തിരുവനന്തപുരം, 14-05-2025

---

പരാമർശം:-

1. 11.06.2020-ലെ സ.ഉ(സാധാ)നം.254/2020/സഹ.നമ്പർ ഉത്തരവ്.
2. 22.06.2021-ലെ സ.ഉ.(സാധാ)നം.359/2021/സഹ.നമ്പർ ഉത്തരവ്.
3. 30.04.2022-ലെ സ.ഉ.(സാധാ)നം.290/2022/സഹ.നമ്പർ ഉത്തരവ്.
4. 20.07.2023-ലെ സ.ഉ(സാധാ)നം.434/2023/സഹ.നമ്പർ ഉത്തരവ്.
5. 19.08.2024-ലെ സ.ഉ(സാധാ)നം.412/2024/സഹ.നമ്പർ ഉത്തരവ്.
6. സഹകരണ സംഘം രജിസ്ട്രാറുടെ 07.04.2025-ലെ ആർ.സി.എസ്/4752/2025-എം.റ്റി(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് 1% അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അനുമതിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം (2), (3), (4), (5) ഉത്തരവുകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം ദീർഘിപ്പിച്ച നൽകിയ അനുമതിയുടെ കാലാവധി 31.03.2025-ന് അവസാനിച്ച സാഹചര്യത്തിൽ ആയത് 01.04.2025 മുതൽ 31.03.2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അനുമതിക്കായി സംഘം ഭരണസമിതി തീരുമാനമെടുത്ത് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെന്നും കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ പ്രവർത്തിച്ച വരുന്ന ടി സംഘം പൊതുമരാമത്ത് വകുപ്പിന്റെ 'എ' ക്ലാസ് കോൺട്രാക്ടേഴ്സ് രജിസ്ട്രേഷനിൽ ഉൾപ്പെട്ടിട്ടുള്ള സംഘമാണെന്നും നിലവിൽ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തികളും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തികളും കൃത്യതയോടെ സമയബന്ധിതമായി നിർവ്വഹിച്ച് വരുന്നുണ്ടെന്നും സംഘത്തിന്റെ 2023-24 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 2409.11 കോടി രൂപ നിക്ഷേപവും 304.85 കോടി രൂപ ഓഹരി മൂലധനവും ബാക്കിനിൽപ്പുണ്ടെന്നും

പൂർത്തിയായ കരാർ പ്രവൃത്തികളുടെ ഇനത്തിൽ 2385.87 കോടി രൂപ സംഘത്തിന് ലഭിക്കാനുള്ളതായും സർക്കാർ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1,66,125/- കോടി രൂപയുടെ വായ്പ ബാധ്യതയും ഉണ്ടെന്നും ഓഡിറ്റ് വർഷം 4.59 കോടി രൂപ അറ്റ ലാഭത്തിൽ ആണ് സംഘം പ്രവർത്തിക്കുന്നതെന്നും സംഘം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് സംഘം നിയമാവലി നിബന്ധന 16(1), 16 എന്നിവ പ്രകാരം നിക്ഷേപം സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ടെന്നും നിലവിൽ സംഘം ഏറ്റെടുത്ത് നടത്തിവരുന്ന KRFB, NHAI, KSUDP, KCRI, വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃത്യതയോടെയും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് പ്രവർത്തനമൂലധനം ആവശ്യമാണെന്നും കേരള ബാങ്കിൽ നിന്നും ലഭിക്കുന്ന ക്യാഷ് ക്രെഡിറ്റിനെ മാത്രം ആശ്രയിച്ചാൽ സംഘം ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃത്യതയോടെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കില്ലെന്നും കൂടാതെ സർക്കാർ പ്രവൃത്തികൾ പൂർത്തീകരിച്ചത് വഴി നിലവിൽ 596.95 കോടി രൂപ സംഘത്തിന് ലഭിക്കാനുണ്ടെന്നും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി ഒരു ശതമാനം അധിക പലിശ നൽകി സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് പരാമർശം (5) പ്രകാരം സംഘത്തിന് ലഭിച്ച അനുമതിയുടെ കാലാവധി 31.03.2025-ന് അവസാനിച്ച സാഹചര്യത്തിൽ ആയത് 31.03.2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് സംഘം അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെന്നും സംഘം മതിയായ തരളധനം സൂക്ഷിക്കുന്നുണ്ടെന്നും സംഘത്തിലെ 28.02.2025-ലെ നിക്ഷേപ ബാക്കിനിൽപ് 2450.84 കോടി രൂപയാണെന്നും സംഘം നിലവിൽ നൽകുന്ന പലിശനിരക്ക് സാധാരണ പൗരൻമാർക്ക് 8.75% നിരക്കിലും മുതിർന്ന പൗരൻമാർ/സഹകരണ സ്ഥാപനങ്ങൾക്ക് 9.25% നിരക്കിലുമാണെന്നും സംഘം നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ അംഗത്വമെടുത്ത് വാർഷിക വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടെന്നും ഡെപ്പോസിറ്റുകൾ ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂയെന്നതിനാലും സർക്കാർ ഓഹരി/ലോൺ എന്നിവകൊണ്ട് വാങ്ങിയ വലിയ മെഷിനറികൾ പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിലേക്കായും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനുള്ള അനുമതിക്കായുമാണ് സംഘം അപേക്ഷിച്ചിരിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് ഒരു ശതമാനം (1%) അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുവാനുള്ള അനുമതി 01.04.2025 മുതൽ 31.03.2026 വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് പരാമർശം (6) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരിക്കുന്നു.

2) സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിനുപരിയായി ഒരു ശതമാനം (1%) അധിക പലിശ നിരക്കിൽ 31.03.2025 വരെ സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് പരാമർശം (5) പ്രകാരം നൽകിയിരുന്ന

പ്രത്യേകാനുമതി 01.04.2025 മുതൽ 31.03.2026 വരെ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുനൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ [(എ&ഇ), ആഡിറ്റ്], കേരള, തിരുവനന്തപുരം.
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ
സംഘം ക്ലിപ്തം നമ്പർ 10957, മടപ്പള്ളി കോളേജ് പി.ഒ., വടകര,
കോഴിക്കോട് - 673 102.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Jayakumar B
Date: 15-05-2025 14:35:07
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.